# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3438 — 14.10.2011-ൽ മറുപടിക്ക്

## സ്കൂളുകളിലെ കായിക വികസനത്തിന് സഹായം

**ചോദ്യം**

ശ്രീ. എ. എം. ആരിഫ്

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) സ്കൂളുകളിലെ കളിസ്ഥലങ്ങൾ ഒരുക്കുന്നതിന് സ്പോർട്സ് കൗൺസിലും സ്പോർട്സ് വകുപ്പും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഈ സഹായങ്ങൾ ലഭിക്കുന്നതിന് എപ്രകാരമാണ് അപേക്ഷ നൽകേണ്ടത്;

(എ) ഇതിനായി സ്പോർട്സ് കൗൺസിലും സ്പോർട്സ് വകുപ്പും സാമ്പത്തിക സഹായം നൽകി വരുന്നു. സ്പോർട്സ് കൗൺസിലിൽ നിന്നും സഹായം ലഭിക്കുന്നതിന് നിശ്ചിത അപേക്ഷാ ഫോറത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റും പ്ലാനും സഹിതം കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സ്പോർട്സ് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സ്പോർട്സ് ഡയറക്ടറേറ്റ് എല്ലാ വർഷവും പത്ര പരസ്യത്തിലൂടെയും വെബ്സൈറ്റ് വഴിയും അപേക്ഷ ക്ഷണിക്കാറുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 27.07.2011 ആയിരുന്നു;

(ബി) സ്കൂളുകളിൽ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും സ്പോർട്സിന്റെ പ്രോത്സാഹനത്തിനുമായി കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ 'പൈക്ക' പ്രകാരം പൈക്ക സെന്ററുകൾ തുടങ്ങാൻ പഞ്ചായത്തുകൾക്ക് ജനസംഖ്യാനുപാതികമായി സാമ്പത്തിക സഹായം നൽകി വരുന്നു. ഇതുപയോഗിച്ച് സംസ്ഥാനത്തെ സ്കൂളുകൾ ഉൾപ്പെടെയുള്ള കളിസ്ഥലങ്ങളുടെ വികസനം നടത്താവുന്നതാണ്;

(സി) വിദ്യാലയങ്ങളിൽ സ്പോർട്സ് കിറ്റും ജേഴ്സിയും നൽകുന്നതിന് എന്തെങ്കിലും സഹായ പദ്ധതി നിലവിലുണ്ടോ;

(സി) ഇത് സംബന്ധിച്ച് പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകിയിരുന്നു;

(ഡി) ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനായി സ്കൂളുകളിൽ ജിംനേഷ്യം തുടങ്ങുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ;

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) കളിസ്ഥലങ്ങൾ ഒരുക്കുന്നതിനുള്ള സഹായങ്ങൾ നൽകുമ്പോൾ സർക്കാർ സ്കൂളുകൾക്കും എയിഡഡ് സ്കൂളുകൾക്കും തുല്യ പ്രാധാന്യം നൽകുമോ;

(ഇ) സർക്കാർ സ്കൂളുകൾക്കും എയിഡഡ് സ്കൂളുകൾക്കും കളിസ്ഥലങ്ങൾ ഒരുക്കുന്നതിന് ധനസഹായം നൽകുന്നത് ഒരേ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(എഫ്) പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നത്; ഇനി എന്തെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

(എഫ്) പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന ലക്ഷ്യം നേടുന്നതിനായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം ധനസഹായം നൽകി വരുന്നു. കൂടാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി പ്രകാരം പഞ്ചായത്തുകളിലും ബ്ലോക്കുകളിലും കളിസ്ഥലം നിർമ്മാണത്തിനായി ധനസഹായം നൽകിവരുന്നു. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ